ജി (1) 46867/11

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 30.06.2014

E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

# സർക്കുലർ നമ്പർ 34/2014

വിഷയം : സഹകരണവകുപ്പ് – സേവനാവകാശം നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന:
1) സഹകരണ സംഘം രജിസ്ട്രാറുടെ 69/2013 നമ്പർ സർക്കുലർ.
2) സഹകരണ സംഘം രജിസ്ട്രാറുടെ 02.03.2013 ലെ ജി(1) 46867/11 നമ്പർ നോട്ടിഫിക്കേഷൻ
3) സർക്കാരിന്റെ 08.04.2014 ലെ 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ നമ്പർ സർക്കുലർ.

........................

2012 ലെ കേരള സംസ്ഥാന സേവനാവകാശം നിയമം സഹകരണ വകുപ്പിൽ നടപ്പിലാക്കുന്നതിനായി സൂചന (2) പ്രകാരം സഹകരണസംഘം രജിസ്ട്രാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും, സേവനാവകാശ നിയമപ്രകാരം പാലിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (1) പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നോഡൽ ആഫീസർമാരെ ചുവടെ പറയും പ്രകാരം നിയമിച്ചുകൊള്ളുന്നു.

| ആഫീസ് | ഉദ്യോഗസ്ഥൻ |
|---|---|
| 1. സഹകരണസംഘം രജിസ്ട്രാർ ആഫീസ് | അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി) |
| 2. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) |
| 3. അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ആഫീസ് | ആഫീസ് ഇൻസ്പെക്ടർ |

സേവനാവകാശ നിയമപ്രകാരമുള്ള അപേക്ഷകളുടെയും, അപ്പീൽ അപേക്ഷകളുടെയും വിവരങ്ങൾ നിശ്ചിത രജിസ്റ്ററുകളിൽ ബന്ധപ്പെട്ട നോഡൽ ആഫീസർമാർ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, സൂചന (1) പ്രകാരുമുള്ള എല്ലാ

നിർദേശങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ ടി നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും അതാത് നോഡൽ ഓഫീസർമാർ സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ ബന്ധപ്പെട്ട സെക്ഷൻ ടി റിപ്പോർട്ടുകൾ പരിശോധിച്ച് അവലോകനം നടത്തി ക്രോഡീകരിച്ച റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

**ഒപ്പ്**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
2) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
3) എഡിറ്റർ,സഹകരണ വീഥി/ സഹകരണ ജേർണൽ.
4) സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ.